B Movie Club Weekly Review **#MovieClub**

വാലാട്ടി: TALE OF TAILS

എഴുതിയത് : Arjun Anand

നവാഗതനായ ദേവൻ സംവിധാനം ചെയ്ത് ഫ്രൈഡേ ഫിലിം ഹൗസ് പ്രൊഡക്ഷനിലൂടെ പുറത്തിറങ്ങിയ ഏറ്റവും പുതിയ ചിത്രം ആണ് വാലാട്ടി.. കുട്ടികൾക്കും കുട്ടികളുടെ മനസ്സുള്ള മുതിർന്നവർക്കും വളർത്തു മൃഗങ്ങളെ ഇഷ്ടപെടുന്നവർക്കും മുഷിപ്പില്ലാതെ ആസ്വദിക്കാൻ കഴിയുന്നൊരു ചിത്രം ആണ്....എടുത്തു പറയത്തക്ക വിധം അതിഗംഭീരമായ കഥയോ കഥാസന്ദർഭങ്ങളോ ഒന്നും തന്നെയില്ലെങ്കിലും പ്രേക്ഷകരിൽ ഒരു ഓമനത്വവും കൗതുകം കലർന്നൊരു ഇഷ്ടവും ജനിപ്പിക്കുന്ന,ഒരു പറ്റം നായകളുടെ അതിഗംഭീര പ്രകടനങ്ങൾ വാലാട്ടിയെ കണ്ടിരിക്കാവുന്ന ഒരു നല്ല സിനിമയാക്കുന്നു...

മനുഷ്യർ പരസ്പരം ആശയവിനിമയം നടത്തുന്നതുപോലെ, നമുക്ക് മനസ്സിലാകാത്ത രീതിയിൽ മൃഗങ്ങൾ തമ്മിൽ ആശയവിനിമയം നടക്കുന്നുണ്ടെങ്കിൽ അത് എത്ര രസകരമായിരിക്കും... ആ ഒരു ആശയത്തിന് ഒരുപാട് സാധ്യതകൾ ഉണ്ട്....അതൊക്കെ പരമാവധി പ്രയോജനപ്പെടുത്താൻ എഴുത്തുകാരനും സംവിധായകനും കഴിയുന്നിടത്താണ് ഇത്തരം ഒരു സിനിമ വിജയമാകുന്നത്....ഈ ചിത്രത്തിന്റെ തിരക്കഥാകൃത്ത് കൂടിയായ സംവിധായകൻ ദേവൻ അതിൽ ഒരു പരിധി വരെ വിജയിച്ചിട്ടുണ്ട്....

ചിത്രം കണ്ടുകൊണ്ടിരിക്കുമ്പോൾ പ്രേക്ഷകനെ അതിശയപ്പെടുത്തിക്കൊണ്ട് മനസ്സിലൂടെ കടന്നു പോയേക്കാവുന്ന അനേകം ചിന്തകളിൽ ഒന്ന്, എങ്ങനെ ഈ സിനിമയുടെ ചിത്രീകരണം വിജയകരമായി പൂർത്തിയാക്കിയത് എന്നുള്ളതായിരിക്കും... കാരണം ഒരുപാട് മൃഗങ്ങൾ ഉൾപ്പെട്ടിരിക്കുന്നതിനാൽ ഷോട്ടുകൾ തിരഞ്ഞെടുക്കുന്നതും പ്രാവർത്തികം ആക്കുന്നതും വളരെ ബുദ്ധിമുട്ടുള്ള കാര്യമായിരിക്കുമെന്ന് നിസംശയം പറയാം .

സിനിമയുടെ കഥയിലേക്ക് വന്നാൽ പല വിദേശസിനിമകളിലും കണ്ടു പരിചയിച്ച കഥയും സന്ദർഭങ്ങളും ആണ്...എങ്കിൽപോലും സിനിമയുടെ സൃഷ്ടാക്കൾ ലക്ഷ്യം വച്ചിരിക്കുന്നത് പ്രാഥമികമായി കുട്ടികളാണ് എന്നുള്ളതുകൊണ്ട് തന്നെ ,അവർക്ക് സിനിമ രണ്ട് മണിക്കൂർ വിനോദം നൽകും.

സമർത്ഥരായ ഒരു കൂട്ടം നായകൾ പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്ന ചിത്രത്തിൽ വിജയ് ബാബു, രോഹിണി, ശ്രീകാന്ത് മുരളി, മഹിമ നമ്പ്യാർ, ദേവ് മോഹൻ എന്നിവർ സഹതാരങ്ങളായി

എത്തുന്നു. അക്ഷയ് രാധാകൃഷ്ണൻ ആണ് പ്രധാന പ്രതിനായകനെ അവതരിപ്പിക്കുന്നത് .

ചിത്രത്തിലെ നായകളുടെ ഗംഭീര പ്രകടനങ്ങൾക്ക് ശബ്ദത്തിലൂടെ കൂടുതൽ മിഴിവേകിയത് പ്രമുഖ നടീ നടൻമാർ ആണ് . റോഷൻ മാത്യു നായകൻ ടോമിയുടെ പ്രതികരണങ്ങളും മുറുമുറുപ്പുകളും സ്ക്രീനിൽ മനോഹരവും രസകരവുമാക്കുന്നു. രവീണ രവി തന്റെ സ്വതസിദ്ധമായ ശൈലിയിലൂടെ അമലുവിനെ മനോഹരമാക്കി. സൗബിൻ ഷാഹിർ,സണ്ണി വെയ്ൻ, സൈജു കുറുപ്പ്, ഇന്ദ്രൻസ്, അജു വർഗീസ്, സുരഭി ലക്ഷ്മി, നസ്ലെൻ, രഞ്ജിനി ഹരിദാസ് എന്നിവരും വിവിധ മൃഗങ്ങൾക്ക് ശബ്ദം നൽകിയിട്ടുണ്ട്.

മൃഗങ്ങൾ തമ്മിലും മനുഷ്യരുമായും ഉള്ള ആത്മബന്ധത്തിന്റെ മനോഹരമായ ചില മുഹൂർത്തങ്ങളിലൂടെ പ്രേക്ഷകന്റെ കണ്ണ് ഒന്ന് നനയിക്കാൻ സംവിധായകന് കഴിഞ്ഞിട്ടുണ്ട്. രോഹിണിയുടെയും സണ്ണി വെയ്ൻ ശബ്ദം നൽകുന്ന നായയുടെയും കഥാപാത്രങ്ങളെ അവതരിപ്പിക്കുന്ന ക്ലൈമാക്സ് രംഗം പ്രേക്ഷകമനസ്സിൽ തങ്ങിനിൽക്കും.സൗബിൻ ഷാഹിർ അവതരിപ്പിക്കുന്ന കരിദാസ് എന്ന നായയുടെ കഥാപാത്രത്തിന്റെ ഒരു രംഗവും വല്ലാതെ മനസ്സിനെ ഉലയ്ക്കും...
ചായഗ്രഹണവും സംഗീതവും ചിത്രത്തിന്റെ ആശയത്തിനും അവതരണത്തിനും യോജിക്കും വിധം മികച്ചതാക്കിയിട്ടുണ്ട്...

നിങ്ങളുടെ കൊച്ചുകുട്ടിയുമായി ഒരു സിനിമ കാണാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ, ധൈര്യമായി വാലാട്ടിക്ക് ടിക്കറ്റ് എടുക്കാം...